WEDNESDAY ബുധനാഴ്ച

19-10-2022

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/10/2022.

1. സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡിന്റെ ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ തിരുവനന്തപുരം തൈക്കാട് പിഡബ്ല്യുഡി റസ്റ്റ് ഹൗസിൽ വെച്ച് സംഘടിപ്പിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസ് ശില്പശാല ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. ശില്പശാലയോടനുബന്ധിച്ച് 11 മണിമുതൽ സംഘടിപ്പിക്കുന്ന സാങ്കേതിക സെഷനിൽ വിവിധ വിഷയങ്ങൾ അവതരിപ്പിക്കുകയും തുടർന്ന് ഇതിനെ സംബന്ധിച്ച് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യും

2. കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്കിൽ മാടപ്പള്ളി കൃഷിഭവന് കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സർവീസ് സെന്റർ, കർമസേന എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കർഷകർക്കാവശ്യമായ കാർഷിക സേവനങ്ങൾ കണ്ടെത്തി സർവീസ് സെന്റർ മുഖേന കർഷകർക്ക് ചെയ്തു നൽകുന്നതിനും അഗ്രോ സർവീസ് സെന്റർ ഫെസിലിറ്റേറ്റർ ആയി പ്രവർത്തിക്കുന്നതിനും താല്പര്യമുള്ള കോട്ടയം ജില്ലയിൽ സ്ഥിരതാമസക്കാരായ ആളുകളിൽനിന്ന് അപേക്ഷ ക്ഷണിക്കുന്നു. ബിഎസ്‌സി അഗ്രികൾച്ചർ അല്ലെങ്കിൽ അഗ്രികൾച്ചർ എൻജിനീയറിങ് അല്ലെങ്കിൽ വി എച്ച് എസ് സി അഗ്രിയും അഞ്ചുവർഷത്തെ പ്രവർത്തനപരിചയം അല്ലെങ്കിൽ കൃഷി ഡിപ്ലോമയോ മെക്കാനിക്കൽ എൻജിനീയറിങ് ബിരുദവും മൂന്നു വർഷത്തെ പ്രവർത്തന പരിചയവും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സഹിതം ഒക്ടോബർ 29 നകം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, നാലുകോടിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൃഷിവകുപ്പിയിൽ നിന്ന് റിട്ടയർ ചെയ്തവർക്ക് മുൻഗണന നൽകുന്നതാണ്. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും 9383470701/0481 - 2446133 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് മാടപ്പള്ളി കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

3. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ WCT ഇനത്തിൽപ്പെട്ട നാടൻ തെങ്ങിൻ തൈകൾ ഒന്നിന് 110 രൂപ നിരക്കിൽ വിൽപ്പനക്ക് തയ്യാറായിരിക്കുന്നു. താൽപ്പര്യമുള്ളവർ 6282937809, 0466 2912008, 0466 2212279 താഴെപറയുന്നഫോൺ നമ്പറിൽ ബന്ധപ്പെടുക

4. കേരള കാർഷിക സർവകലാശാലയുടെ കൊല്ലം ജില്ലയിലെ സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം സംസ്ഥാന ഫലമായ ചക്കയുടെ വിവിധ നാടൻ ഇനങ്ങൾ കണ്ടെത്തുവാനും അവയെ സംരക്ഷിക്കുവാനും ഒരു ഗവേഷണ പദ്ധതി നടപ്പിലാക്കി വരുന്നു. കർഷക പങ്കാളിത്തത്തോടെ കൂടിയുള്ള ഗവേഷണ പദ്ധതിയിലേക്ക് ആയി കാലം തെറ്റി (സെപ്റ്റംബർ മുതൽ നവംബർ വരെയോ) അല്ലെങ്കിൽ വർഷം മുഴുവൻ കായ്ക്കുന്നതുമായ പ്ലാവിനങ്ങൾ ഉള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഉള്ള കർഷകർ ഇവയുടെ വിവരങ്ങൾ **8137840196** എന്ന ഫോൺ നമ്പറിൽ വിളിച്ചോ, വാട്സാപ്പ് സന്ദേശമായോ വിവരങ്ങൾ തരണമെന്ന് സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം പ്രൊഫസർ ആൻഡ് ഹെഡ് അറിയിച്ചു .

5. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2022 -2023 മിൽക്ക് ഷെഡ് വികസന പദ്ധതി (MSDP) നടപ്പിലാക്കാൻ താൽപര്യമുള്ളവരിൽ നിന്നും ഓൺലൈൻ ആയി അപേക്ഷ ക്ഷണിക്കുന്നു. 2022 ഒക്ടോബർ 20 വരെ ക്ഷീരവികസന വകുപ്പിന്റെ https:ksheerasree.kerala.gov.in എന്ന പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുമായി ബന്ധപ്പെടാവുന്നതാണെന്ന് ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കൊളേജിലെ അഗ്രോണമി, അഗ്രികൾച്ചറൽ സ്റ്റാറ്റിറ്റിക്സ് വിഷയങ്ങളിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുകൾ ഉണ്ട്. നിർദ്ദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 29.10.2022 ന് രാവിലെ 10 മണിയ്ക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്.

7. തിരുവനന്തപുരം ജില്ലയിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി/ സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾ അല്ലെങ്കിൽ അംഗീകൃത സംഘടനകൾ എന്നിവർക്ക്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

അപേക്ഷിക്കാം. നിശ്ചിത മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങളും സഹിതം ഒക്ടോബർ മാസം മുപ്പത്തിയൊന്നാം തീയതിക്കകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ മൂന്നു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരഞ്ഞെടുക്കുന്ന വർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശസഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

8. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പൂവൻ കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒന്നിന് അഞ്ച് രൂപ നിരക്കിൽ ഈ മാസം 21-10-2022 , 25-10-2022, 28-10-2022 എന്നീ തീയതികളിലും നവംബർ മാസം 1-11-2022, 4-11-2022 തീയതികളിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 04 മണിവരെ **0471 2730804** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

9. കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര കേന്ദ്രത്തിൽ സ്ഥിതി ചെയ്യുന്ന കർഷക പരിശീലന കേന്ദ്രം 2022 നവംബർ 2, 3, 4 തിയ്യതികളിൽ നേഴ്സറി പരിപാലനവും സസ്യ പ്രജനന രീതികളും എന്ന വിഷയത്തിൽ 30 കർഷകർക്ക് ത്രിദിന പരിശീലനം നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി കോഴിക്കോട്, വയനാട് ജില്ലകളിൽ നിന്നും താൽപര്യമുള്ള കർഷകർ 0495-2373582 എന്ന ഫോൺ നമ്പറിൽ 26.10.2022 ന് മുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനു മുൻപ് ഈ കേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ചവർക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതല്ല. രാവിലെ 10 മുതൽ 5 വരെ മൂന്ന് ദിവസം തുടർച്ചയായി ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണന നൽകുന്നതാണ് എന്ന് കാർഷിക പരിശീലന കേന്ദ്രം ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

10. നിയന്ത്രിത കമിഴ്ത്തിവെട്ടിന്റെ ശാസ്ത്രീയവശങ്ങളെക്കുറിച്ചറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. റബ്ബറിൽനിന്ന് ദീർഘകാലത്തേക്ക് മെച്ചപ്പെട്ട ഉത്പാദനം ലഭ്യമാക്കുന്നതിനും പട്ടമരപ്പ്, മറ്റു രോഗങ്ങൾ എന്നിവ മൂലം പുതുപ്പട്ടയിൽ ടാപ്പിങ് സാധ്യമാകാതെ വരുന്ന

മരങ്ങളിൽനിന്ന് ആദായം നേടുന്നതിനും സഹായിക്കുന്ന ഒരു വിളവെടുപ്പുരീതിയാണ് നിയന്ത്രിതകമിഴ്ത്തിവെട്ട്. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർ എലിസബത്ത് വി. ചെറിയാൻ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 2576622.

11. പാലിൽ നിന്നും മൂല്യവർദ്ധിത സ്നാക്ക്സ് എന്ന വിഷയത്തിൽ മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്മെന്റിൽ വെച്ച് 2022 ഒക്ടോബർ 19, 20 തിയ്യതികളിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഫീസ് ഒരാൾക്ക് 1000 രൂപ. വിശദ വിവരങ്ങൾക്ക് 9744481598 എന്ന നമ്പരിൽ ബന്ധപ്പെടുക.

12. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ കർഷകർക്കായി ഒക്ടോബർ 18,19 തീയതികളിൽ **തേനീച്ചകൃഷി** എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടികൾ നടത്തുന്നു. ഫീസ് 1050/- രൂപ. താൽപ്പര്യമുള്ളവർ 0487- 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

ക്യാബേജ്, കോളിഫ്ളവർ എന്നിവയുടെ സമതലങ്ങളിൽ നടുന്നതിനു അനുയോജ്യമായ വിത്തിനങ്ങൾ പ്രോട്രേകളിൽ പാകി മുളപ്പിക്കുന്നതിന് യോജിച്ച സമയമാണ്. കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവകലാശാല കേന്ദ്രങ്ങൾ, വി. എഫ്. പി. സി. കെ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ തൈകൾ ലഭ്യമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം